## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 374 — 29.06.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ അനുമതി നല്കാറുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | ബോർഡിലെ എൽറ്റി പോസ്റ്റുകളിൽകൂടി ടിവി കേബിളുകൾ വലിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ കെ. എസ്. ഇ. ബി. 18/10/2002 ലെ ഉത്തരവു പ്രകാരം പുറത്തിറക്കിയിട്ടുണ്ട്. ഒരു പോസ്റ്റിൽകൂടി ഒന്നിലധികം ടിവി കേബിളുകൾ വലിക്കുന്നതിനുള്ള അനുവാദം 31/12/2014 ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇപ്രകാരം വലിച്ചിട്ടുള്ള കേബിളുകൾ താഴ്ന്നും പൊട്ടിയും കിടന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരം അപകടത്തിന് ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ ; അപകടാവസ്ഥയിലുള്ള എല്ലാ കേബിളുകളും അടിയന്തിരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ടിവി കേബിളുകൾ പരിപാലിക്കേണ്ട ഉത്തരവാദിത്തം അതാത് കേബിൾ ടി.വി ഓപ്പറേറ്റർമാരിൽ നിക്ഷിപ്തമാണ്. കേബിൾ ടി. വി. ഓപ്പറേറ്റർമാർക്കായി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ, നിയമപ്രകാരമുള്ള സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്